# മഹാത്മാഗാന്ധി സർവകലാശാല

പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560

(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)


നമ്പർ. 177885/CONTENT.MGMT 2/2022/CMS

തീയതി: 24.12.2022

പ്രേഷകൻ

രജിസ്ട്രാർ

സ്വീകർത്താവ്

പ്രിൻസിപ്പൽമാർ/വകുപ്പ് മേധാവികൾ/കോ-ഓർഡിനേറ്റർമാർ/ഡയറക്ടർമാർ, സർവകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും/ പഠന വകുപ്പുകൾക്കും/അക്കാഡമിക് സെന്ററുകൾക്കും/ഗവേഷണ കേന്ദ്രങ്ങൾക്കും.

വിഷയം:- സർവകലാശാല വാർഷിക റിപ്പോർട്ട് 2022 - വിവരശേഖരണം - സംബന്ധിച്ച്

1. മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997 അദ്ധ്യായം 6, സ്റ്റാറ്റ്യൂട്ട് 11(5),(6), സർവകലാശാല ആക്ട് 1985 വകുപ്പ് 51 എന്നിവയനുസരിച്ച് സർവകലാശാലയുടെ 2022 വർഷത്തെ വാർഷിക റിപ്പോർട്ട് 2023 ജനുവരി 31-ന് മുൻപായി സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിച്ച് അംഗീകാരം നേടി, വാർഷിക സെനറ്റ് യോഗത്തിലും, അതിനുശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പിൻറെ അംഗീകാരത്തോടെ വർഷ മധ്യത്തിനു മുന്പായി കേരള നിയമസഭയിലും സമർപ്പിക്കേണ്ടതായിട്ടുണ്ട്.

2. വിവിധ സർക്കാർ സ്ഥാപനങ്ങളും നാക് പോലുള്ള അക്രഡിറ്റേഷൻ ഏജൻസികളും താങ്കളുടെ പഠന വകുപ്പ്/സെന്റർ/കോളേജിന്റെ പ്രവർത്തന മികവ് വിലയിരുത്തുന്നത് വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആണ്.

3. 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ താങ്കളുടെ സ്ഥാപനത്തിലെ വ്യക്തവും, സംക്ഷിപ്തവുമായ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിൽ മലയാളത്തിൽ (word format) തന്നെ നൽകേണ്ടതാണ്. ഇതോടൊപ്പം പ്രധാന പരിപാടികളുടെ ഫോട്ടോകൾ കൂടി ഉൾപെടുത്താവുന്നതാണ്.

4. വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടുകൾ സർവകലാശാല ക്രോഡീകരിച്ച് ഒറ്റ റിപ്പോർട്ട് ആക്കേണ്ടതിനാൽ വിവരങ്ങൾ വേർഡ് (MS Word/doc) ഫോർമാറ്റിൽ 300 വാക്കിൽ കവിയാതെ നൽകേണ്ടതാണ്.

5. റിപ്പോർട്ട് **mguannualreport2022@mgu.ac.in** എന്ന ഇ-മെയിൽ വിലാസത്തിൽ 05.01.2023-ന് മുൻപായി സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

6. അനുബന്ധം-I : സർവകലാശാല പഠന വകുപ്പുകൾക്കും/സെന്ററുകൾക്കും, അനുബന്ധം-II : അഫിലിയേറ്റഡ് കോളേജുകൾക്കും, അനുബന്ധം-III : ഗവേഷണ കേന്ദ്രങ്ങൾക്കും മാത്രം ബാധകമാണ്.

7. നിശ്ചിത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാത്ത പക്ഷം താങ്കളുടെ സ്ഥാപനത്തെ ഒഴിവാക്കി സർവകലാശാല വാർഷിക റിപ്പോർട്ട് 2022 തയ്യാറാക്കുന്നതാണ്.

വിശ്വസ്തതയോടെ

ഡോ.പ്രകാശ് കുമാർ .ബി
രജിസ്ട്രാർ

ഉള്ളടക്കം:

അനുബന്ധങ്ങൾ (I, II & III)

Draft #1 of File 177885/CONTENT.MGMT 2/2022/CMS Approved by Registrar on 24-Dec-2022 04:45 PM - Page 1